# ബഹുമാനനാമ പ്രഖ്യാപന സമ്മേളനം



ഉദ്ഘാടനം : പരിശുദ്ധ ബസ്സേലിയോസ് മർത്തോമ്മ പൗലോസ് ദ്വിതിയൻ കാതോലിക്കാബാവാ



അദ്ധ്യക്ഷ പ്രസംഗം : ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത



കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത



ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത



സി.എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പ



ജസ്റ്റീസ് കെ.റ്റി. തോമസ്

# ബഹുമാനനാമ പ്രഖ്യാപന സമ്മേളനം



പി.സി. വിഷ്ണുനാഥ് എം.എൽ.എ.



ഫാ. തോമസ് കൊക്കാപറമ്പിൽ



ശ്രീ. എം. വി. മാത്യുസ്



സ്വാഗതം : ഫാ. മത്തായി കുന്നിൽ



6–ാം മാർത്തോമ്മാ അവാർഡ് സ്വീകരിച്ചുകൊണ്ട്
ഫാ. ഡോ. ടി.ജെ. ജോഷ്വാ പ്രസംഗിക്കുന്നു.



കൃതജ്ഞത : സുനിൽ പി. ഉമ്മൻ



2013–ലെ ആറാം മാർത്തോമ്മ അവാർഡ് ഫാ. ഡോ. ടി.ജെ. ജോഷ്വായ്ക്ക് ജസ്റ്റീസ് കെ.റ്റി. തോമസ് നൽകുന്നു



"കാതോലിക്കേറ്റ് രത്നദീപം" പ്രഖ്യാപന സമ്മേളനത്തിൽ പങ്കെടുക്കുന്ന നിറഞ്ഞ സദസ്സ്

*Photo : Manoj, Clear Studio, Puthencavu*



2014 ഏപ്രിൽ 26 ന് മാർ പീലക്സിനോസ് അനുസ്മരണ സമ്മേളനം പുത്തൻകാവ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് തോമസ് വർഗീസ്, പി.സി. വിഷ്ണുനാഥ് എം.എൽ.എ., സുനിൽ പി. ഉമ്മൻ, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത, സിസ്റ്റർ ദയാഭായി, കത്തീഡ്രൽ വികാരി ഫാ. രാജൻ വർഗീസ്, സഹ വികാരി ഫാ. ജാൾസൺ പി. ജോർജ്



2014 ലെ ആറാം മാർത്തോമ്മ അവാർഡ് സിസ്റ്റർ ദയാഭായിക്ക് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത നൽകുന്നു. ഇടത്തുനിന്ന് സുനിൽ പി. ഉമ്മൻ, തോമസ് വർഗീസ് കോശി ജോർജ്, പി.സി. വിഷ്ണുനാഥ് എം.എൽ.എ., രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ, ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത, ഡോ. പി.വി. കോശി, കത്തീഡ്രൽ വികാരി. ഫാ. രാജൻ വർഗീസ്, സഹവികാരി ഫാ. ജാൾസൺ പി. ജോർജ്



# മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസിയേഷൻ

1987 – ൽ രൂപീകരിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെ സ്നേഹിക്കുന്നവരുടെ വലിയ കൂട്ടായ്മയാണ് യു.എ.ഇ. യിൽ പ്രവർത്തിക്കുന്ന മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസ്സോസിയേഷൻ (MARPFA) മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആദർശങ്ങളും സഭാസ്നേഹവും വിദേശത്തും സ്വദേശത്തും ഉള്ള യുവതലമുറയ്ക്ക് മനസ്സിലാക്കി കൊടുക്കുന്നതിൽ ഈ സംഘടന വലിയ പങ്ക് വഹിക്കുന്നു. ഈ സംഘടനയുടെ സേവനങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയും പുത്തൻകാവ് കത്തീഡ്രലും എക്കാലവും നന്ദിയോടെ സ്മരിക്കുമെന്നതിന് സംശയമില്ല.



സംഘടനയുടെ ഇപ്പോഴത്തെ ഭാരവാഹികൾ

ഇരിക്കുന്നവർ ഇടത്തു നിന്നും : അജിത്ത് ജോർജ്ജ്, ജിജു കോരുത്, എം.വി മാത്യു,
തോമസ് ജോസഫ്, വിനോയ് മാത്യു
രഞ്ജിത്ത് സൈമൺ, ജോർജ്ജ് മാത്യു,
നിൽക്കുന്നവർ ഒന്നാംനിര : ബിജുതോമസ്, സജി ഉമ്മൻ, ഷിബു ചെറിയാൻ.പി.എസ്, ബോബി ഫിലിപ്പ്,
വർഗ്ഗീസ് തോമസ്, ജിനു കെ.വർഗ്ഗീസ്, ഇടിച്ചാണ്ടി തോമസ്
നിൽക്കുന്നവർ രണ്ടാംനിര : ഉമ്മൻ വർക്കി, ജോൺ ശമുവേൽ, സ്റ്റീവ് തോമസ്, ഏബ്രഹാം ജോർജ്ജ്
ചെറിയാൻ പി. അല്ക്സ്, ജേക്കബ് മാത്യു





പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അകാലത്തിലുള്ള വേർപാടിന്റെ വേദനകൾ ഉൾക്കൊണ്ട നിരവധി അനുശോചന യോഗങ്ങൾ ഇന്ത്യയിലെ വിവിധസ്ഥലങ്ങളിൽ നടന്നു. ചെങ്ങന്നൂരിൽ നടന്ന അനുശോചന യോഗത്തിൽ ദുഃഖിതരായ 25000 ത്തോളം ജനങ്ങൾ പങ്കെടുത്തു.

# പ്രസ്തുത യോഗങ്ങളിലെ പ്രമുഖ നേതാക്കളുടെ പ്രസംഗങ്ങളുടെ പ്രസക്ത ഭാഗങ്ങൾ

" ഒരു വേദ ശാസ്ത്രജ്ഞൻ , വൈദികപണ്ഡിതൻ, പുസ്തകപാരായണ വിദഗ്ധൻ, ഒരു മഹാ വാഗ്മി അദ്ധ്യാത്മിക പ്രചോദനം നൽകുന്ന സജീവ ക്രൈസ്തവ പ്രാസംഗികൻ, സഭാചരിത്രാന്വേഷകൻ ചേതസ്സാകർഷമായ പള്ളിയാരാധനാ ശുശ്രൂഷ നടത്തുന്നതിൽ ആദർശം നൽകിയ ഒരു മഹാഭക്തനെയാണ് നമുക്ക് നഷ്ടിഭൂതനായിരിക്കുന്നത്. സഭയിൽ സമാധാനം കൈവരുത്തുന്നതിന് എത്രത്തോളം അധ്വാനിക്കുകയും മൈത്രിയുടെ വലത്തുകൈ നീട്ടിക്കൊടുക്കുവാനും സഹകരിക്കുവാനും സന്നദ്ധനായിരുന്നു തിരുമേനി "

-സി.എസ്.ഐ ബിഷപ്പ്, ഡോ.കെ.സി ജേക്കബ്,
അദ്ധ്യക്ഷപ്രസംഗം : ചെങ്ങന്നൂരിലെ അനുശോചനയോഗം.



" സഭാസമാധാന ശ്രമങ്ങളുടെ ഉള്ളുകള്ളികൾ അറിയാവുന്നിടത്തോളം പല അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും തീരുമാനങ്ങളിൽ വരുമ്പോൾ ഞാനും തിരുമേനിയുമായി സകല കാര്യങ്ങളിലും അഭിപ്രായഐക്യം ഉണ്ടായിരുന്നു. ഇന്നിവിടെ നടന്ന അനുശോചന യോഗവും പ്രസംഗങ്ങളും ആരുടെയും ഹൃദയത്തെ സ്പർശിക്കുന്നതാണ്. "

-ശ്രീ.കെ.സി മാമ്മൻമാപ്പിള മലയാളമനോരമ ചീഫ് എഡിറ്റർ
ചെങ്ങന്നൂരിലെ അനുശോചനയോഗം.



" പരിചയപ്പെടാൻ ഇടയായിട്ടുള്ളവർക്കെല്ലാം തിരുമേനി അവരുടെ കൊച്ചുതിരുമേനിയാണെന്നുള്ള ബോദ്ധ്യമുണ്ടായിട്ടുണ്ടാവും. തിരുമേനിയുടെ നിഷ്കളങ്കമായ ലളിതജീവിതവും ജാതിമതസമുദായങ്ങൾക്കതീതമായ ഉത്കൃഷ്ടമായ ക്രിസ്തീയചിന്തകൾ ഏവരേയും ആകർഷിക്കുന്നതായിരുന്നു. സഭാസമാധാനം മാത്രമല്ല രാജ്യത്തുള്ള വിവിധ സമുദായങ്ങൾ തമ്മിലും, വ്യക്തികൾ തമ്മിലും സമാധാനം സ്ഥാപിക്കുന്നതിന് തന്റെ ആരോഗ്യത്തെ അവഗണിച്ചുപോലും പരിശ്രമിച്ച മഹത് വ്യക്തിയാണ് തിരുമേനി "

-ശ്രീ.ടി.എം.വർഗീസ്, നിയമസഭാ സ്പീക്കർ
ചെങ്ങന്നൂരിലെ അനുശോചനയോഗം.



"തിരുമേനിയുടെ ചെങ്ങന്നൂരിലുള്ള ആശ്രമം സന്ദർശിക്കുമ്പോൾ മഹാത്മജിയുടെ ബാങ്കി കോളനിയുടെ സ്മരണയാണ് ഉണ്ടാകുന്നത്. തിരുമേനി സ്ഥാപിച്ചിട്ടുള്ള സരസ്വതീക്ഷേത്രങ്ങൾ തിരുമേനിയുടെ ശാശ്വത സ്മാരകങ്ങളാണ്. മഹാത്മാക്കളുടെ മരണം അവരുടെ പ്രശസ്തിയെ വർദ്ധിപ്പിക്കുകയേ ഉള്ളൂ. തിരുകൊച്ചിയുടെ വടക്കെയറ്റം മുതൽ തെക്കുവരെയുള്ള അനുശോചന പ്രകടനങ്ങൾ തിരുമേനിയെപ്പറ്റി സാമാന്യജനങ്ങൾക്കുള്ള ഭക്തിയുടെയും സ്നേഹത്തിന്റെയും അളവുകോലാണ് "

-ശ്രീ.ടി.പി വേലായുധൻപിള്ള,
ചെങ്ങന്നൂരിലെ അനുശോചനയോഗം.

" തിരുമേനിയുടെ നിര്യാണം ക്രൈസ്തവർക്കുമാത്രം ഒരു സന്താപകരമായി അവകാശപ്പെടുന്നത് പള്ളിവകയായ പള്ളപ്പറമ്പിൽ ഉള്ള കുരിശുംചുവട്ടിൽ ഒരു ദീപം കൊളുത്തിയാൽ അതിന്റെ പ്രകാശം ആ വഴി സഞ്ചരിക്കുന്ന ക്രൈസ്തവർക്കുമാത്രം കിട്ടുമെന്നും അത് അണയുമ്പോൾ ക്രൈസ്തവർ അന്ധകാരത്തിലാകുന്നുവെന്നും വാദിക്കുന്നതുപോലെയാണ്. ദിവംഗതനായ തിരുമേനി കേരളത്തിന്റെ ഒരു ഉജ്വല ജ്യോതിസ്സായിരുന്നു. അതു പൊലിഞ്ഞുപോയതിൽ സകല ജാതി മതസ്ഥർക്കും ഒരുപോലെ ദുഖമുണ്ട്. "


-ശ്രീ.പന്തളം കെ.പി രാമൻ<br>
തുമ്പമൺ പള്ളിമൈതാനത്ത് കൂടിയ അനുശോചനയോഗം

" ഒരു സമുദായത്തിനു വേണ്ടിയല്ല എല്ലാ സമുദായങ്ങൾക്കും വേണ്ടി ജീവിച്ച ഒരു മഹാനായിരുന്നു മാർപീലക്സിനോസ് തിരുമേനി അദ്ദേഹം കുറച്ചുകാലം കൂടി ജീവിച്ചിരുന്നെങ്കിൽ സഭയെ അലട്ടിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരിമുണ്ടാകുമായിരുന്നു. നാം കത്തോലിക്കാ സഭയിലേക്ക് പോകുവാൻ നിശ്ചയിച്ചപ്പോൾ അദ്ദേഹം നമ്മെ ആ തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിപ്പാൻ ശ്രമിച്ചത്. അദ്ദേഹത്തിന്റെ സമുദായ സ്നേഹത്തിന് ഉത്തമ ഉദാഹരണമാണ്. സെറാംപൂർ വൈദിക കോളേജിൽ നാം അദ്ദേഹത്തെ പഠിപ്പിച്ചിട്ടുണ്ട്. ഭാരതത്തിനു പൊതുവായും കേരളത്തിന് പ്രത്യേകിച്ചും വമ്പിച്ച നഷ്ടമാണ് തിരുമേനിയുടെ വിയോഗം മൂലം നേരിട്ടിരിക്കുന്നത്. "



-തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്<br>
തിരുവനന്തപുരത്ത് കൂടിയ അനുശോചനയോഗം

**പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ആത്മീയപാതയിലേക്ക് നയിച്ച തിരുമേനിയുടെ മാതാപിതാക്കൾ**



**Rev. Thoma Kathanar & Rachel Thoma Kathanar**
**Kizhakkethalakkal, Puthencavu**



പരിശുദ്ധ ഗീവർഗ്ഗീസ്
ദ്വിതിയൻ കാതോലിക്കാ ബാവാ

# എല്ലാം കാതോലിക്കേറ്റിനു വേണ്ടി സമ്പാദിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി

അദ്ദേഹം ഭരിച്ച മെത്രാസന ഇടവകയിൽ വളരെ പുരോഗമനങ്ങൾ സാധിച്ചിട്ടുണ്ട്. സ്വാർത്ഥത അദ്ദേഹത്തിനു ലേശവും ഉണ്ടായിരുന്നില്ല. എല്ലാം അദ്ദേഹം ദൈവത്തിരുനാമ മഹത്വത്തിനു വേണ്ടി ചെയ്തു. അദ്ദേഹത്തിന്റെ സമ്പാദ്യങ്ങൾ കാതോലിക്കാ സിംഹാസനത്തിന്റെ പേർക്കാണ്.

മലങ്കര (യാക്കോബായ) ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പൊതുയോഗം പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ വി: മോറൻ മാർ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വീതിയൻ ബാവാ തിരുമനസ്സിലെ 733-ാം നമ്പർ കല്പന പ്രകാരം 1951 മെയ് 17 ന് 10 മണിക്ക് കോട്ടയം എം. ഡി., സെമിനാരിയിൽ വെച്ച് ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി വി:പിതാവിനെ കൂടാതെ പ്ലാറ്റുഫോറത്തിൽ മറ്റു തിരുമേനിമാരും മലങ്കരയിലെ എല്ലാ മെത്രസനയിടവകകളിൽ നിന്നുമായി ആയിരത്തി ഇരുന്നൂറിൽ പരം പള്ളി പ്രതിപുരുഷന്മാരും സംബന്ധിച്ചിരുന്നു. പ്രാർത്ഥനാനന്തരം യോഗനടപടികൾ ആരംഭിച്ചു. ബാവാ തിരുമനസ്സുകൊണ്ടു താഴെ കാണുന്ന പ്രകാരം ഉപക്രമ പ്രസംഗം ചെയ്തു വാത്സല്യ മക്കളെ ! ദൈവകൃപയാൽ നാം നിങ്ങളെ വിളിച്ചുകൂട്ടി. ഉത്സാഹത്തോടും, താൽപര്യത്തോടും കൂടി നിങ്ങൾ ഇവിടെ വന്നു ചേർന്നതിൽ നാം ദൈവത്തെ സ്തുതിക്കയും, നിങ്ങളോടുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഈ അസോസിയേഷൻ കൂടണമെന്നു നിശ്ചയിച്ചപ്പോൾ ഉണ്ടായിരുന്ന ഞങ്ങളിൽ ഒരാൾ ഇപ്പോൾ ഇല്ല എന്ന ഏറ്റവും സങ്കടകരമായ വിവരം ഇന്നു പ്രസ്താവിക്കേണ്ടിവരുമെന്നു നാം വിചാരിച്ചിരുന്നില്ല. നമ്മുടെ കൊച്ചുമെത്രാച്ചൻ ഇത്രവേഗം നമ്മിൽ നിന്നു വേർപെടുമെന്നു നാമാരും കരുതിയില്ല. അദ്ദേഹം യോഗ്യനും, ഉത്സാഹിയും, വാഗ്മിയും ആയിരുന്നു. അദ്ദേഹം ഭരിച്ച മെത്രാസന ഇടവകയിൽ വളരെ പുരോഗമനങ്ങൾ സാധിച്ചിട്ടുണ്ട്. സ്വാർത്ഥത അദ്ദേഹത്തിനു ലേശവും ഉണ്ടായിരുന്നില്ല. എല്ലാം അദ്ദേഹം ദൈവത്തിരുനാമ മഹത്വത്തിനു വേണ്ടി ചെയ്തു. അദ്ദേഹത്തിന്റെ സമ്പാദ്യങ്ങൾ കാതോലിക്കാ സിംഹാസനത്തിന്റെ പേർക്കാണ്. അദ്ദേഹത്തിന്റെ അവസാന പ്രസംഗംപോലും കതോലിക്കാ സിംഹാസനത്തിനു വേണ്ടിയായിരുന്നു. കൊച്ചു മെത്രാച്ചൻ മുമ്പു രോഗിയായി കുറേ നാൾ കിടന്നു എങ്കിലും അന്ന് ആപത്തൊന്നും ഉണ്ടായില്ല. അദ്ദേഹത്തിന് ഒരാഗ്രഹമുണ്ടായിരുന്നു, കിടന്ന് മരിക്കരുത്, വേല ചെയ്ത് മരിക്കണം എന്ന് ഇത് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അപ്രകാരം തന്നെ സാധിക്കുകയും ചെയ്തു. അദ്ദേഹം പ്രവൃത്തിയെടുത്തുകൊണ്ടുതന്നെ മരിച്ചു. മൃതശരീരം വടക്കെ അറ്റം മുതൽ തെക്കേ അറ്റം വരെ നാനാജാതി മതസ്ഥർക്കും ദർശനം നൽകികൊണ്ട് അദ്ദേഹത്തിന്റെ അന്ത്യപ്രയാണവും നടന്നു. ജാതി മത ഭേദമെന്യേ എല്ലാവരുടേയും സ്നേഹഭാജനമായിരുന്ന നമ്മുടെ കൊച്ചുമെത്രാച്ചൻ. അദ്ദേഹം സഭയ്ക്കുവേണ്ടി വളരെ ത്യാഗങ്ങൾ സഹിക്കുകയും, സേവനമനുഷ്ടിക്കുകയും ചെയ്ത ഒരു പുണ്യാത്മാവായിരുന്നു. അദ്ദേഹത്തെ നമ്മുടെ കണ്ണുകൾക്ക് ഇനി കാണാൻ കഴിയില്ലല്ലോ എന്നുള്ളത് നമ്മെ വേദനിപ്പിക്കുന്നു. നാം അങ്ങോട്ടു പോകയല്ലാതെ അദ്ദേഹം വരികയില്ല. ഒരു സഭാ പിതാവ് എന്ന നിലയിൽ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കണം. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനെ സന്തോഷങ്ങളുടെ പറുദീസയിൽ ചേർത്തു കൊള്ളട്ടെ.




## "ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല" "നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചു കൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാണുകയില്ല"

1951 ഏപ്രിൽ 4,5,6,7 തീയതികളിൽ പഴഞ്ഞി പള്ളിയിൽ നടന്ന കൺവെൻഷൻ യോഗങ്ങളിൽ 5-ാം തീയതി മുതൽ പുത്തൻകാവിൽ കൊച്ചുതിരുമേനി പങ്കെടുത്തു. അതിനുശേഷം 8-ാം തീയതി കുന്നംകുളം പഴയപള്ളിയിൽ എഴുന്നെള്ളുകയും സന്ധ്യാനമസ്ക്കാരത്തിന് ശേഷം പഴയപള്ളി പറമ്പിൽ കെട്ടിയൊരുക്കിയ പന്തലിൽ കൺവെൻഷൻ ഉദ്ഘാടനത്തിനായി കൊച്ചുതിരുമേനി എത്തി. തദവസരത്തിൽ വന്ദ്യ പത്രോസ് റമ്പാച്ചനും സന്നിഹിതനായിരുന്നു. റമ്പാച്ചന്റെ സെക്രട്ടറിയായ ശെമ്മാശൻ വിശുദ്ധ വേദപുസ്തകത്തിൽ നിന്ന് ഒരു ഭാഗം വായിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതത്തിൽ അതിലെ വാക്യങ്ങൾ അക്ഷരംപ്രതി സംഭവിച്ചു. തിരുമേനിയുടെ ജീവിതത്തിന്റെ ഒരു സാക്ഷ്യം തന്നെയായിരുന്നു ആ വേദഭാഗം. അപ്പോസ്തോല പ്രവൃത്തികൾ 20-ാം അധ്യായം 19 മുതൽ 35 വരെയുള്ള വാക്യങ്ങളാണ് ശെമ്മാശൻ വായിച്ചത്. അതിൽ ഇങ്ങനെ പറയുന്നു **"എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല" ''നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാണുകയില്ല" "ആരുടെയും വെള്ളിയോ, പൊന്നോ, വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല.** എന്റെ മുട്ടിന്നു എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു എന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലോ. ഇങ്ങനെ പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കയും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടതു എന്നു ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു."ഈ കൺവൻഷന് ശേഷം വിശ്രമില്ലാതെ എട്ടു ദിവസങ്ങൾ കൂടി കുന്നംകുളത്ത് മാത്രമല്ല അതിന്റെ പരിസരങ്ങളിലും ആരുടെയും വെള്ളിയോ പൊന്നോ മോഹിക്കാതെ ദൈവരാജ്യം പ്രസംഗിച്ച, സഭാവിശ്വാസം പ്രസംഗിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചൈതന്യം നിറഞ്ഞ പൊൻമുഖം പിന്നെ നമുക്ക് കാണാൻ കഴിഞ്ഞില്ല.

# ശിഷ്യന്റെ സ്മരണകൾ

*പുത്തൻകാവ് കൊച്ചു തിരുമേനിയുടെ പിൻഗാമിയായി ദീർഘകാലം തുമ്പമൺ ഭദ്രാസന ഭരണം നടത്തിയ കാലം ചെയ്ത അഭിവന്ദ്യ ദാനിയേൽ മാർ. പീലക്സിനോസ് മെത്രാപ്പോലീത്ത തന്റെ ഗുരുനാഥനെ അനുസ്മരിച്ച് എഴുതിയിട്ടുള്ള ലേഖനം.)*



മലങ്കര സഭയുടെ സ്വാതന്ത്ര്യം പുത്തൻകാവ് തിരുമേനി ആഗ്രഹിച്ചു. കാതോലിക്കേറ്റിനായി ധീരമായി പോരാടിയ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ്, പ.ബസ്സേലിയോസ് ഗീവറുഗീസ് ദ്വീതീയൻ കാതോലിക്കാബാവാ എന്നിവരുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നത് പുത്തൻകാവ് കൊച്ചു തിരുമേനിയാണ്. അതിനായി മലങ്കരസഭ മുഴുവൻ ഓടി നടന്നു പ്രസംഗിച്ച് മലങ്കര സഭാമക്കളെ പ്രബുദ്ധരാക്കി.

ഇന്ത്യയാകെ സാമ്പത്തികാധഃ പതനത്താൽ ഞെരുങ്ങിയ കാലഘട്ടത്തിൽ കൊച്ചു തിരുമേനി വളരെ അധികം യാതനയും കഷ്ടതയും എതിർപ്പും സഹിച്ചാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണിതുയർത്തിയത്. നേഴ്സറി മുതൽ പോസ്റ്റ് ഗ്രാജ്വേറ്റ് വരെയുള്ള ഒരു എഡ്യുക്കേഷണൽ കോംപ്ലക്സ് സഭാവകയായി പത്തനംതിട്ടയിൽ ഉണ്ടാകണമെന്നത് തിരുമേനിയുടെ വലിയ ആഗ്രഹമായിരുന്നു. പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിനു സ്വന്തം നാട്ടിലെ ജനങ്ങളിൽ നിന്നു പോലും ധാരാളം എതിർപ്പുകൾ നേരിടേണ്ടി വന്നു. സ്വന്തം കൈകൾ കൊണ്ടു കഠിന പ്രയത്നം ചെയ്താണ് കൊച്ചുതിരുമേനി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടാക്കിയത്. തിരുമേനിയുടെ സമ്പാദ്യങ്ങൾ മുഴുവൻ പുത്തൻകാവ് സ്കൂളിനായി ചെലവാക്കി. പുത്തൻകാവ് കൊച്ചുതിരുമേനിക്ക് നല്ല വായനാശീലമുണ്ടായിരുന്നു. പ്രത്യേകിച്ച് ഇംഗ്ലീഷ് പുസ്തകങ്ങളോട് വലിയ താല്പര്യമായിരുന്നു. അത് മനസിലാക്കാനുള്ള ബുദ്ധിയും ഓർക്കുവാനുള്ള ശക്തിയും ഉണ്ടായിരുന്നു. വായനയിൽ നിന്നും ലഭിക്കുന്ന ആശയങ്ങൾ പ്രസംഗങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നു.

ജാതിമതഭേദമില്ലാതെ ഏവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. എന്നാൽ മലങ്കര സഭയുടെ വിശ്വാസ പ്രമാണങ്ങളിൽ ഉറച്ചു നിന്നു. ഭദ്രാസന ഭരണം കാര്യക്ഷമമാക്കി. ബേസിൽ ദയറ സ്ഥാപിച്ചു. അതിന്റെ പ്രധാന വരുമാനമാർഗം ദയറാംഗങ്ങൾ സ്കൂളിൽ പഠിപ്പിക്കുന്നതിൽ നിന്നു ലഭിക്കുന്ന ശമ്പളമായിരുന്നു. ഞാൻ ദയറയിലെ അംഗമായി ചേർന്നു. എന്നെ തിരുമേനിയുടെ സെക്രട്ടറിയാക്കി. കൊച്ചുതിരുമേനിയുടെ പിൻഗാമിയായി എന്നെ കണ്ടിരുന്നു. അത് പലരോടും പറഞ്ഞിട്ടുമുണ്ട്.

## എത്ര മണിക്കൂർ പ്രസംഗിച്ചാലും നിറുത്തരുതേയെന്ന് കേൾവിക്കാർ ആഗ്രഹിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രസംഗങ്ങൾ

കൈപ്പട്ടൂർ, പുത്തൻകാവ് സെന്റ് മേരീസ്, കുന്നംകുളം എന്നീ പള്ളികളിൽ നടത്തിയിട്ടുള്ള പീഡാനുഭവവാര പ്രഭാഷണങ്ങൾ കേട്ടിട്ടുള്ളവർ ഒരിക്കലും മറക്കുകയില്ല. കഷ്ടാനുഭവ ആഴ്ചയിൽ നമ്മുടെ കർത്താവ് ഓരോ ദിവസവും ചെയ്തത് എന്തൊക്കെയാണെന്ന് പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ വിശദീകരിച്ചുകൊണ്ടുള്ള ആ പ്രഭാഷണങ്ങൾ മണിക്കൂറുകൾ നീളുന്നതായിരുന്നു.

യെരുശലേമിലേക്കുള്ള ജൈത്രയാത്ര തൊട്ട് ഉയിർപ്പ് വരെയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു പ്രഭാഷണങ്ങൾ സന്ധ്യാനമസ്ക്കാരത്തെ തുടർന്നാണ് പ്രഭാഷണം ആരംഭിക്കുന്നത്. ഒരിക്കൽ പത്തനംതിട്ട കൈപ്പട്ടൂർ പള്ളിയിൽ വച്ച് രണ്ടര മണിക്കൂർ നീണ്ടുനിന്ന പ്രസംഗം തിരുമേനി സമാപിപ്പിക്കുകയായിരുന്നു. ഇത് മനസ്സിലാക്കി ഉടനെ തേരകത്തു ബേബി എന്ന് സമുദായ പ്രമാണി എണിറ്റുനിന്ന് "തിരുമേനി പ്രസംഗം നിറുത്തരുതേ, തുടരണമേ ഞങ്ങൾക്കു കേട്ടതു മതിയായില്ല, കൂടുതൽ കേൾക്കണം" എന്ന് വിനയാമ്പിതനായി പറഞ്ഞു തിരുമേനി അപേക്ഷ പരിഗണിച്ച് അര മണിക്കൂർ കൂടി പ്രസംഗിച്ചു.

# കണ്ണ് നിറയ്ക്കുന്ന ഗുരുവിന്റെ ഓർമ്മകൾ

(പുത്തൻകാവ് തിരുമേനിയുടെ ശിഷ്യനും പിൻഗാമിയുമായ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ഫിലിപ്പോസ് മാർ യാസേബിയോസ് മെത്രാപ്പോലീത്ത തന്റെ ഗുരുവിനെ അനുസ്മരിച്ച് എഴുതിയത്.)

എന്റെ ജീവിതത്തെ സ്പർശിച്ച മഹാവ്യക്തിത്വമായിരുന്നു പുത്തൻകാവ് തിരുമേനി. സ്നേഹമുള്ള ചെറുപ്പക്കാരെ കൈമുത്തിക്കുന്നതിനു പകരം വാത്സല്യത്തോടെ ചെകിടത്ത് അടിക്കുന്ന രീതി തിരുമേനിയുടെ പ്രത്യേകതയായിരുന്നു. 1949-ൽ കോഴഞ്ചേരി വഞ്ചിത്രപള്ളിയിൽ വച്ച് പുത്തൻകാവ് തിരുമേനി എന്നോട് സംസാരിച്ചു. കുശലപ്രശ്നങ്ങൾക്കിടയിൽ എന്നോട് ഒരു ചോദ്യം  നീ ഇനി എന്തു ചെയ്യാൻ പോകുന്നു?

അല്പംകൂടി പഠിക്കണമെന്നുണ്ട്

നീ ആലുവാ യൂണിയനിൽ ക്രിസ്ത്യൻ കോളേജിൽ പോയി പഠിക്ക് നീ സൗകര്യം പോലെ ബഥേലിലേക്ക് വാ, ഞാൻ കത്തു തരാം . മലങ്കര സഭയിലെ ഒരു സാധാരണ ബാലനായ എന്റെ പഠിപ്പിൽ തിരുമേനി കാണിച്ച  വ്യക്തിപരമായ താൽപര്യം എന്നെ അതിശയിപ്പിച്ചു. പ്രിൻസിപ്പൽ സി. വി. മാത്യുവിന് എന്റെ കോളേജ് അഡ്മിഷനായി ശുപാർശ ചെയ്തു. ആലുവാ യൂണിയൻ കോളേജിലെ പഠനം ജീവിതത്തിലെ വഴിത്തിരിവായി. യുവഹൃദയങ്ങളെ ഇത്ര മാത്രം സ്വാധീനിച്ച ഒരു തിരുമേനിയെ ഞാൻ കണ്ടിട്ടില്ല. അതിന്റെ സൽഫലമാണ് ധാരാളം യുവാക്കൾ മലങ്കരസഭയുടെ പ്രവർത്തനങ്ങളിൽ പങ്കു ചേർന്നത്.

പുത്തൻകാവ് തിരുമേനിയെ അവസാനമായി ഞാൻ കാണുന്നത് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലാണ്. 1951 ഏപ്രിലിൽ കുന്നംകുളത്ത് പ്രസംഗിക്കുവാനായി പോയപ്പോൾ കോളേജിൽ എത്തി  എന്നോട്  സംസാരിച്ചു. കുന്നംകുളത്തെ പ്രസംഗം കഴിഞ്ഞ് 17നു കോളേജിൽ മടങ്ങിവരുമെന്നു പറഞ്ഞു. തിരുമേനിയുമൊത്ത് കാറിൽ നാട്ടിലേക്കു മടങ്ങുവാൻ തയ്യാറായിരിക്കണമെന്ന് കല്പിച്ചശേഷമാണ് പഴഞ്ഞിയിലേക്ക് പോയത്. ഇന്റർമീഡിയേറ്റിനു പഠിക്കുന്ന എനിക്ക് പരീക്ഷാദിവസങ്ങളായിരുന്നു .

പരീക്ഷകഴിഞ്ഞ് പുത്തൻകാവ് കൊച്ചുതിരുമേനിയുടെ തിരിച്ചു വരവ് കാത്ത് ഏപ്രിൽ 17-നു ഞാൻ കോളേജ് പരിസരത്ത് കാത്തുനിന്നു. നിരാശനായി 17-നു ആലുവായിൽ നിന്നും ബസിൽ കോട്ടയത്ത് എത്തിയ ശേഷമാണ് കൊച്ചുതിരുമേനി കുന്നംകുളത്ത് കാലംചെയ്ത ദുഖഃവാർത്ത ഞാനറിയുന്നത്. പിറ്റേദിവസം പുത്തൻകാവിൽ എത്തി ദൂരെ നിന്ന് കബറടക്ക ശുശ്രൂഷയിൽപങ്കു ചേരുവാനുള്ള ഭാഗ്യം  മാത്രമേ എനിക്കു ലഭിച്ചുള്ളു. ലളിതമായ ജീവിതവും ഹൃദ്യമായ ആരാധനയും കൊച്ചു തിരുമേനിയുടെ പ്രത്യേകതകളായിരുന്നു. വളരെ ഹൃദ്യമായ ആരാധനയാണ് തിരുമേനിയുടേത്. സഭയുടെ പ്രവർത്തനങ്ങളിലേക്ക് കഴിവുള്ളവരെ കണ്ടെത്തുവാൻ തിരുമേനിക്ക് കഴിഞ്ഞു. അനേകരെയാണ് സുവിശേഷ പ്രസംഗങ്ങളിൽകൂടി തിരുമേനി സ്പർശിച്ചിട്ടുള്ളത്. ജനങ്ങൾ നന്മയിലേക്ക് ഉയരണം എന്ന ലക്ഷ്യം മുൻനിർത്തി ജീവിതത്തെ തപസ്യയാക്കി മലങ്കര സഭയിൽ അങ്ങോളമിങ്ങോളം ഓടിനടന്ന ധൈഷണികമായ തേജസായിരുന്നു കൊച്ചു തിരുമേനി.


ഫിലിപ്പോസ് മാർ യാസേബിയോസ് മെത്രാപ്പോലീത്ത

ആദ്യമായി എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന സഭാപിതാവാണ് പുത്തൻകാവ് കൊച്ചുതിരുമേനി. അർപ്പണബോധവും നിസ്വാർത്ഥസേവനവും സ്വന്തം ജീവിതം പോലും വിസ്മരിക്കാനിടയാക്കി. എത്രനാൾ ജീവിച്ചു എന്നതു പ്രസക്തമല്ല. എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം. പുത്തൻകാവ് തിരുമേനി ജീവിച്ച കാലമത്രയും മലങ്കരസഭക്കായി പോരാടി. അവസാനം പടക്കളത്തിൽ അകാലത്തിൽ പിടഞ്ഞുവീണ് ധീരപോരാളിയായി. പുത്തൻകാവ് തിരുമേനി യുഗപ്രഭാവനായിരുന്നു. തുമ്പമൺ ഭദ്രസനം 1985ൽ  ചെങ്ങന്നൂർ, തുമ്പമൺ ഭദ്രാസനങ്ങളായി. പുത്തൻകാവ് തിരുമേനിയുടെ സഹോദരപുത്രൻ തോമസ് മാർ അത്താനാസിയോസ് തിരുമേനി ചെങ്ങന്നൂർ ഭദ്രാസനം നയിക്കുമ്പോൾ പുത്തൻകാവ് തിരുമേനിയുടെ ആത്മീയ പുത്രനായ എനിക്ക് തുമ്പമൺ ഭദ്രാസനം നയിക്കുവാനുള്ള കൃപ ലഭിച്ചു. തിരുമേനി തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് മാംസവും ജീവനും നൽകുന്നു എന്നുമാത്രം. അത്രയ്ക്ക് ദീർഘമായ പ്രവർത്തന സരണികൾ കണ്ടറിഞ്ഞ അദ്ധ്യാത്മിക ചൈതന്യമായിരുന്നു പുത്തൻകാവ് കൊച്ചുതിരുമേനി.

ഈ കാലഘട്ടത്തിലും റീത്ത് പ്രസ്ഥാനം മലങ്കര ഓർത്തഡോകസ് സഭയുടെ പാരമ്പര്യ അവകാശങ്ങളിൽ കൈയേറ്റം നടത്തുന്നുവെന്നതിന്റെ ഉത്തമ ഉദാഹരണമാണ് "കാതോലിക്കബാവാ" എന്ന നാമധേയം മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത തന്റെ പേരിനോട് ചേർത്ത് ഉപയോഗിച്ചത്. പുത്തൻകാവിൽ കൊച്ചുതിരുമേനി ജീവിച്ചിരുന്നെങ്കിൽ ഇതിനോട് എങ്ങനെ പ്രതികരിക്കുമായിരുന്നു? സിറിൽ മാർ ബസേലിയോസ് കാതോലിക്ക സ്ഥാനം ഉപയോഗിക്കുന്നത് റോമിന്റെ അനുവാദത്തോടെ അല്ലായെന്ന് വ്യക്തമാക്കി കർദ്ദിനാൾ വാർട്ടർ കാസ്പർപുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ശിഷ്യൻ തുമ്പമൺ ഭദ്രാസനാ ധിപനായിരുന്ന കാലം ചെയ്ത ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയ്ക്ക് അയച്ച കത്തിന്റെ പൂർണ്ണ രൂപം.

## Pontificium Counsilium Ad Christianorum Unitatem fovendam

**18 June 2005**

**Prot N: 2581/2005/h**

Your Eminence,

I duly received your letter of 12 May 2005, regarding the decision of the Malankara Orthodox Church not to hold its dialogue with the Catholic Church, in the Framework of the annual Joint International Commission for Theological Dialogue between the Catholic Church and the Malankara Orthodox Church. I see this letter as a continuation of the discussion we had in Rome on the occasion of your last visit here.

I can only confirm that the title of Catholicos has not been given by the Holy see to His Grace Cyril Mar Baselios(1) that the title of Major Archbishop is the only one mentioned in the Decree of elevation issued by the Holy See. and in all Vatican messages or publications regarding this nomination. (2) that the title of Catholicos does not appear in the Code of Canon Law for the Eastern Churches. I have also been informed that His BeatitudeCardinal Moussa I Daoud did not use the title Catholicos during his stay in Kerala. on the occasion of the celebrations for the elevation of His Grace Cyril Mar Baselios.

I have conveyed your message regarding the decision of the Malankara Orthodox Church to His Grace Cyril Mar Baselios and look forward to receiving a reply.

I deeply regret that the use of the title Catholicos, for which the Holy See and his Pontifical Council are not responsible, could lead to this difficult situation. Knowing how importany the activitives of this Joint International Commission have been for the development of fraternal relations between the Malankara Orthodox Church and the Catholic Church in Kerala, it would be great loss if this commission were not able to continue its acticities. It is my hope and prayer that we will be able to overcome this difficulty. for the greater good of promotion of Christian Unity.

I would ask your Eminence to convey my greeting and prayerful good wishes to His Holiness Catholicos Baselious Mar Thoma Mathews II and to the members of the Holy Synod of the Malankara Orthodox Church.

Wish the expression of my cordial esteem. I remain

Yours sincerely in Christ

Walter Cardinal Ksper

**President**



# യുഗപ്രഭാവനായ കൊച്ചുതിരുമേനി



ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

ആദ്ധ്യാത്മിക രംഗത്തുള്ള എന്റെ വളർച്ചയും ഉയർച്ചയും അടിത്തറയിട്ട സഭാപിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. അദ്ദേഹത്തെപ്പറ്റിയുള്ള അനുസ്മരണം വിനയാദരവോടും കൃതജ്ഞതാഭാവത്തോടുമാണ് നടത്തുന്നത്. അദ്ദേഹത്തെ കണ്ട ഒരു രംഗമാണ് ആദ്യം സ്മരണയിലെത്തുന്നത്. 1951 ഏപ്രിൽ മാസം, ഞാൻ ആലുവാ യു. സി. കോളേജിൽ ബി. എ. ഫൈനൽ പരീക്ഷ എഴുതുന്ന ദിവസങ്ങളിൽ ഒന്നിൽ അതിരാവിലെ ഏഴുമണിയോടുകൂടി കൊച്ചുതിരുമേനിയുടെ ഡ്രൈവർ അമ്മാൾ ചേട്ടൻ ഹോസ്റ്റലിൽ വന്ന് എന്നെ വിളിച്ചു. തിരുമേനി കോളേജിന്റെ മുറ്റത്ത് നിൽക്കുന്നു. ശെമ്മാച്ചനെ കാണാൻ നിൽക്കുകയാണ്. ഞാൻ ആകെ പരിഭ്രാന്തനായി. ഇത്രയും രാവിലെ എന്നെ കാണാൻ വിളിക്കുന്നത് എന്തിനാണ്, അതും യാതൊരു മുന്നറിയിപ്പുമില്ലാതെ, അദ്ദേഹത്തെ കണ്ടപ്പോൾ ആദ്യം ചോദിച്ചത് പരീക്ഷയെപ്പറ്റി. പിന്നീട് അടുത്തു വരുന്ന കഷ്ടാനുഭവ ആഴ്ച അദ്ദേഹം വാഴമുട്ടം പള്ളിയിൽ ആയിരിക്കുമെന്നും, അന്ന് അദ്ദേഹത്തോടുകൂടെ അവിടെ ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചു. ഞാൻ ഒരു അവിവാഹിത വൈദികനായി കാണാനാണ് അദ്ദേഹത്തിനു താല്പര്യമെന്ന കാര്യം വ്യക്തമാക്കി. അന്നത്തെ കൂടികാഴ്ചയ്ക്കുശേഷം അദ്ദേഹം കുന്നംകുളത്തിനു പോവുകയായിരുന്നു. അവിടെ വച്ചാണല്ലോ അന്ത്യം സംഭവിച്ചത്. പരീക്ഷ നടക്കുന്നതിനാൽ അദ്ദേഹത്തിന്റ കബറടക്കത്തിൽ എനിക്ക് സംബന്ധിക്കാൻ സാധിച്ചില്ല.

എന്റെ ഇടവകപ്പള്ളി (കോന്നപ്പാറ) സന്ദർശനത്തിനെത്തിയപ്പോഴാണ് ബാലനായ ഞാൻ ആദ്യം അദ്ദേഹത്തെ കാണുന്നത്. മദ്ബഹായിലെ എന്റെ വായനയും പാട്ടും എല്ലാം ഇഷ്ടപ്പെട്ട അദ്ദേഹം വൈദിക സേവനത്തിനു സമർപ്പിക്കുവാൻ എന്നെ പ്രോത്സാഹിപ്പിച്ചു. എസ്. എസ്. എൽ.സി. പാസ്സായ ഉടനെ വൈദിക സെമിനാരിയിലേക്ക് എന്നെ അയച്ചു. എനിക്ക് 17 വയസ്സു മാത്രം. സെമിനാരിയിലെ ഏറ്റവും പ്രായംകുറഞ്ഞ വിദ്യർത്ഥി. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രത്യേക താൽപര്യ പ്രകാരമാണ് സെമിനാരി പഠനം ഒരു വർഷം മാത്രം നടത്തിയശേഷം കോളേജ് പഠനത്തിനു പോയത്. ബി.എ.പാസ്സാകുന്നതിനു മുമ്പേ തന്നെ കൊച്ചുതിരുമേനി, കൽക്കട്ട ബിഷപ്സ് കോളേജിൽ ബി.ഡി. പഠനത്തിന് വേദിയൊരുക്കിയിരുന്നു. ബി. ഡി. ബിരുദം പൂർത്തിയാക്കി പരീക്ഷഫലം വരുന്നതിനു മുമ്പേ കാതോലിക്ക ബാവാ എന്നെ സെമിനാരി അദ്ധ്യാപകനായി നിയമിച്ചു. ഇത്രയും എഴുതിയത് എന്റെ ജീവിതം കരുപിടിപ്പിക്കുന്നതിൽ ഈ രണ്ടു പിതാക്കന്മാരും വഹിച്ച പങ്ക് വ്യക്തമാക്കുവാനാണ്.

കൊച്ചു തിരുമേനിയുടെ മഹത്തായ ജീവിതത്തിലേക്കു നോക്കുമ്പോൾ ഒരു സ്ക്രീനിൽ എന്ന പോലെ അനവധി കാര്യങ്ങൾ ഓർമ്മയിൽ എത്തുന്നു. അനുകരുണാർഹങ്ങളും അനുപമങ്ങളുമായ ചില കാര്യങ്ങൾ അക്കമിട്ട് പറയട്ടെ!

***1. ലാളിത്യത്തിന്റെ പര്യായം*** വേഷത്തിൽ എന്നപോലെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ലാളിത്യം പുലർത്തി. കുപ്പായങ്ങളുടെ സംഖ്യ പരിമിതമായിരുന്നു. യാത്രയിലൊന്നും പുറം കുപ്പായം ധരിക്കാറില്ല. ഡയബറ്റീസ് രോഗി ആയിരുന്നെങ്കിലും , ഭക്ഷണത്തിൽ വളരെയൊന്നും ശ്രദ്ധിച്ചിരുന്നില്ല. അടച്ചുവറ്റി ചമ്മന്തി പ്രിയപ്പെട്ട ഒരു ഭോജ്യമായിരുന്നു. സ്വന്തമായി വാഹനമില്ലാതിരുന്ന ആദ്യകാലങ്ങളിൽ ബസ്സിൽ ആയിരുന്നു യാത്ര. ആ പ്രദേശത്തെ ബസ്സുകാർക്ക് അറിയാവുന്നതുകൊണ്ട് മുൻ ഭാഗത്ത് ഡ്രൈവറുടെ വലത്ത് വശത്ത് ഒരു സീറ്റ് സൗകര്യപ്പെടുത്തും. ആദ്ദേഹത്തിന്റെ രണ്ടോ മൂന്നോ ഫോട്ടോകൾ മാത്രമേ ലഭ്യമായിട്ടുള്ളു. അങ്ങനെയുള്ള കാര്യങ്ങളിൽ ശ്രദ്ധയോ താൽപര്യമോ ഉണ്ടായിരുന്നില്ല.

ഞാൻ ഒരിക്കൽ അദ്ദേഹത്തോടൊന്നിച്ചു യാത്രചെയ്യുമ്പോൾ ചോദിച്ചു. താൻ കണക്കെഴുതി സൂക്ഷിക്കാറുണ്ടോ. ഇല്ലാ എന്നായിരുന്നു എന്റെ മറുപടി. കോളേജ് വിദ്യാർത്ഥി ആയിരുന്ന എനിക്ക് വീട്ടിൽ നിന്ന് എണ്ണിച്ചുട്ട അപ്പം പോലെ കൃത്യമായി അയച്ചു തരുന്ന തുക



ഫീസിനും ഭക്ഷണത്തിനും മാത്രം പര്യാപ്തം പിന്നെ എന്തു കണക്ക് എഴുതാൻ. തിരുമേനി നൽകിയ ഉപദേശം എന്തു നമുക്ക് ലഭിച്ചാലും എന്തുനാം ചെലവാക്കിയാലും അതിനു കണക്കെഴുതി സൂക്ഷിക്കണം അതു ജീവിതത്തിന്റെ ഒരു പ്രമാണമാക്കിതീർക്കണം. ആ ഉപദേശം ഇന്നു വരെയും ഞാൻ പാലിക്കുന്നു. ജീവിത ശിക്ഷണത്തിന്റെ ഒരു ഭാഗമായി അതിനെ കരുതാം.

2. വ്യക്തി ബന്ധങ്ങൾക്കു പ്രാധാന്യം നൽകി. ഇന്നത്തെപ്പോലെ ടെലിഫോൺ സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്ത് സൗഹൃദബന്ധങ്ങൾ കാത്തു സൂക്ഷിച്ചത് സന്ദർശനങ്ങളിൽ കൂടിയും കത്തുകളിൽ കൂടിയും ആയിരുന്നു. കണ്ടുമുട്ടുമ്പോൾ ഔപചാരികതയുടെ മുടുപടമൊന്നുമില്ലാതെ ഹൃദ്യമായും വശ്യമായും ഇടപെടുന്നു. മാധുര്യം നിറഞ്ഞ സംഭാഷണം, പ്രോത്സാഹനത്തിന്റെയും അഭിനന്ദനത്തിന്റേതുമായ വാക്കുകൾ, ഉപദേശത്തിന്റെ ധ്വനി കലർന്ന ചിന്തകൾ ഇവയൊക്കെ നമ്മെ അദ്ദേഹത്തോട് അടുപ്പിക്കുന്നു. കേസും വഴക്കും ഒക്കെ സഭയിൽ രൂക്ഷമായി നടക്കുന്ന കാലമായിരുന്നിട്ടും പാത്രിയർക്കിസ് ഭാഗത്തുള്ള മെത്രാച്ചന്മാരുമായി സൗഹൃദം പുലർത്തി മഞ്ഞിനിക്കര ദയറായിൽ പോയി അന്ത്യോക്യാപ്രതിനിധിയായ മാർ യൂലിയോസു മെത്രാപ്പോലീത്തായെ സന്ദർശിക്കുമായിരുന്നു. അതുപോലെ ആലുവാ വഴി യാത്രയുണ്ടെങ്കിൽ തൃക്കുന്നത്ത് സെമിനാരിയിൽ എത്തി അത്താനാസിയോസ് മെത്രോപ്പോലീത്തായെ സന്ദർശിക്കുമായിരുന്നു. ആംഗ്ലിക്കൻ സഭയിലെ (സി. എം. എസ്.) ബിഷപ്പ് സി. കെ ജേക്കബ് അദ്ദേഹത്തിന്റെ വലിയ സുഹൃത്തായിരുന്നു. പോകുന്ന യാത്രയിൽ നടത്താവുന്ന സന്ദർശനങ്ങൾ ഒഴിവാക്കിയിരുന്നില്ല. യുവജനങ്ങളെ ഏറെ ആകർക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവരിൽ പലരും സഭാ സേവനത്തിന് സ്വയം സമർപ്പിക്കപ്പെട്ടത് തിരുമേനിയുടെ സ്വാധീനത്താലാണ്. അങ്ങനെ നല്ല ഒരു ടീം അദ്ദേഹത്തോടൊപ്പമുണ്ടായി.

3. പ്രസംഗകലയിൽ അഗ്രഗാമി. അക്കാലത്ത് മലങ്കരസഭ നേരിട്ടത് രണ്ടു വെല്ലുവിളികളെയാണ്. ഒന്ന് പുതുതായി രൂപം പ്രാപിച്ച റീത്തു പ്രസ്ഥാനക്കാരിൽ നിന്ന് രണ്ട് നവീകരണ സഭയും, സി. എം. എസ്. മിഷനറിമാരും ഉയർത്തിയ വിശ്വാസ വൈപരീത്യങ്ങൾ. ഈ സഭകൾ ഉയർത്തിയ വെല്ലുവിളികളെ നേരിട്ടു കൊണ്ട് പടനായകനെ പോലെ തിരുമേനി പ്രവർത്തനനിരതനായി വശ്യതയാർന്ന പ്രഭാഷണങ്ങളിലൂടെ, ശ്രുതി മധുരമായ ഗാനാലാപത്തിലൂടെ, അനേകായിരങ്ങളെ അദ്ദേഹം സത്യവിശ്വാസത്തിൽ പിടിച്ചു നിർത്തി, ആവചന മാധുരിയിൽ ലയിച്ച് ജനസമുച്ചയം മണിക്കൂറുകൾ ചെലവിടുമായിരുന്നു. സാധാരണക്കാരായ ജനങ്ങളെ ആകർഷിക്കാൻ ആവശ്യമായ എല്ലാ വിഭവങ്ങളും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടാകും അനുയോജ്യമായ ഉദാഹരണങ്ങൾ, ഗാനങ്ങൾ ഉദ്ധരണികൾ സംഭവകഥകൾ എല്ലാം നമുക്കായി



## അന്ത്യോക്യാ പാത്രിയർക്കീസ് മാർ ഏലിയാസ് തൃതീയൻ ബാവായും പുത്തൻകാവിൽ കൊച്ചുതിരുമേനിയും.

പുത്തൻകാവ് കൊച്ചുതിരുമേനി വാഴിക്കപ്പെട്ട് നാലു മാസം കഴിഞ്ഞപ്പോഴാണ് അന്ത്യോക്യാ പാത്രിയർക്കീസ് മാർ ഏലിയാസ് തൃതീയൻ മലങ്കര സന്ദർശിച്ചത് 1932 ഫെബ്രുവരി 13 ശനിയാഴ്ച രാവിലെ ഓമല്ലൂർ സമീപം മഞ്ഞനിക്കരയിൽ ഒരു ചെറിയ പള്ളിയിൽ വച്ച് പാത്രിയർക്കീസ് കാലം ചെയ്തു. മഞ്ഞനിക്കര വെച്ച് പാത്രീയർക്കീസ് കാലം ചെയ്തവിവരം അറിഞ്ഞ ഉടനെ പത്തനം തിട്ടയിൽ ഉണ്ടായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി മറ്റൊന്നും ആലോചിക്കാതെ മഞ്ഞനിക്കര എത്തി. . ബന്ധശത്രുവായിരുന്ന ഒരു സഭാമേലദ്ധ്യക്ഷന്റെ മൃതദേഹം സന്ദർശിക്കാനാണ് താൻ പോകുന്നതെന്ന കാര്യം തിരുമേനി തൽക്കാലം മറന്നു. ആരുടെയും അനുവാദത്തിനോ സമ്മതത്തിനോ കാത്തു നിൽക്കാതെ യുവാവായ ആ പ്രധാനാചാര്യൻ മഞ്ഞനിക്കരയിൽ എത്തിയപ്പോൾ തികച്ചും ശോകപൂർണ്ണമായ അന്തരീഷമായിരുന്നു അവിടെ ഇടിവെട്ടേറ്റതു പോലെ പാത്രിയർക്കീസിന്റെ കൂടെ വന്നവർ സ്തംഭിച്ചു നിന്നിരുന്നു. യൂലിയോസ് മെത്രാനും തല താഴ്ത്തി ഇരിപ്പാണ്. എന്താണ് സംഭവിച്ചതെന്നോ എന്താണിനി ചെയ്യേണ്ടതെന്നോ അറിയാൻ പാടില്ലാതെ അവർ തീർത്തും സംഭ്രമത്തിലായിരുന്നു. പാത്രിയർക്കീസ് കാലം ചെയ്താൽ ചൊല്ലേണ്ട പ്രാർത്ഥനകളും ചെയ്യേണ്ട ക്രിയകളും നടുക്കം കൊണ്ട് നിർവഹിക്കാൻ വയ്യാത്ത അവസ്ഥയിലായിരുന്നു അവിടെയുള്ളവർ. മാർ പീലക്സിനോസ് ഒരു ശ്രേഷ്ഠാചാര്യൻ കാലം ചെയ്താൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളും പ്രാർത്ഥനകളും നടത്തി. ഒരു ചെറു പ്രസംഗവും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയെ താൻ വിവരം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കോട്ടയത്തു നിന്നും പുറപ്പെട്ടതായി വിവരം കിട്ടിയിട്ടുണ്ടെന്നും ആബുൻ ഉടനെ തന്നെ വന്നെത്തുമെന്നും കൊച്ചുതിരുമേനി അവിടെ ഉള്ളവരെ അറിയിച്ചതിനു ശേഷം തിരിച്ച് പോയി.

അവസരോചിതമായി സംസാരിക്കുന്നതിനും പ്രർത്തിക്കുന്നതിനും കൊച്ചുതിരുമേനിക്ക് അസാമാന്യ കഴിവുണ്ടായിരുന്നു. ആ സിദ്ധിവിശേഷമാണ് മറ്റുള്ളവർ കടന്നു ചെല്ലുവാൻ മടിച്ചു നിൽക്കുന്ന രംഗത്തേക്ക് കടന്നുചെല്ലുവാൻ അദ്ദേഹത്തിന് പ്രേരണ നൽകുന്നത്. അപകടകരമായ മേഖലകളിലേക്ക് അദ്ദേഹം ചെന്നിട്ടുണ്ട്. പക്ഷേ ഒരു അപകടവും സ്പർശിച്ചില്ല. അദ്ദേഹത്തിന്റെ നയചാതുര്യത്തിനു മുൻപിൽ ഒരു നാവും വിലക്കാൻ മുതിരാറില്ല എന്നതാണ് അനുഭവം.



*തിരുമേനി, ഓരോ ഇടവകയും ക്രമമായി സന്ദർശനം നടത്തി ജനങ്ങളെ ബോധവൽക്കരിക്കയും, വൈദികരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നു. വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് കാൽ നടയായും, കാളവണ്ടിയിൽ കയറിയും മറ്റുമൊക്കെ ആ ഗ്രാമങ്ങളിലെ പള്ളികൾ സന്ദർശിച്ചത് ഇന്നുള്ളവർക്ക് ആശ്ചര്യമായിരിക്കും.*

പ്രസംഗത്തിൽ ചേർത്തിട്ടുണ്ടാകും. കൺവൻഷൻ യോഗങ്ങൾ അദ്ദേഹത്തിന് ഒരാവേശവും ലഹരിയുമായിരുന്നു. രണ്ടും മൂന്നും മണിക്കൂറുകൾ തുടർച്ചയായി പ്രസംഗിക്കുന്നതിന് ഒരു പ്രയാസവുമില്ലായിരുന്നു. ആർജവത്വം തുളുമ്പുന്ന ഗദ്യ ശൈലിയുടെ നീങ്ങുന്ന ഒരു പ്രസംഗ പ്രവാഹത്തിൽ ശ്രോതാക്കൾ ആനന്ദ നിർവൃതിയുടെ ആത്മീയാനുഭൂതികളിൽ എത്തിച്ചേരും. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ നടത്തുന്ന ഉദ്ധരിണികളെക്കുറിച്ച് ഗീവർഗീസ് ദ്വീതിയൻ ബാവാ നടത്തിയ ഒരു വിമർശനമോർക്കുന്നു. കൊച്ചു മെത്രാച്ചൻ പ്രസംഗിക്കുമ്പോൾ, വവ്വാൽ ഇങ്ങനെ പറയുന്നു. നരിച്ചീർ ഇങ്ങനെ പറയുന്നു എന്നൊക്കെ കേൾക്കാം. പാശ്ചാത്യ സാഹിത്യകാരന്മാരെയും, എഴുത്തുകാരെയും ഉദ്ധരിക്കുന്നതിനെ കളിയാക്കി പറഞ്ഞവാക്കുകളാണ്. കീറ്റ്സ്, ഷെല്ലി , ഷേക്സ്പീയർ, അരിസ്റ്റോട്ടിൽ തുടങ്ങിയവരൊക്കെയും പ്രസംഗത്തിൽ കടന്നുവരുമായിരുന്നു.


**4. മുൻപേ പറക്കുന്ന പക്ഷി :** അജപാലനരംഗത്ത് അദ്ദേഹം മുമ്പേ പറക്കുന്ന പക്ഷിയായിരുന്നു. ഭരണപരമായ പലകാര്യങ്ങളും തുമ്പമൺ ഭദ്രാസനത്തിൽ അദ്ദേഹമാണ് തുടക്കം കുറിച്ചത് . വൈദികർ അതാത് ഇടവകയ്ക്കു വേണ്ടി പട്ടമേറ്റവരായിരുന്നു. അവരുടെ സ്ഥലം മാറ്റം അചിന്ത്യമായ കാര്യമായി കരുതി പക്ഷേ തിരുമേനി അക്കാര്യം വിജയകരമായി നടപ്പാക്കി. മാത്രമല്ല അവരുടെ ശമ്പള പദ്ധതിയും ആവിഷ്കരിച്ചു. പിന്നീട് ക്രമേണയാണ് മറ്റു ഭദ്രാനസങ്ങളിൽ ഈ രണ്ടു കാര്യങ്ങളും പ്രാവർത്തികമാക്കിയത്. അതുപോലെ ഇടവകതലത്തിലെ ആദ്ധ്യാത്മിക സംഘടനകൾ - മർത്തമറിയം സമാജം, സണ്ടേസ്കൂൾ പ്രാർത്ഥനായോഗം, യൂത്ത് ലീഗ്, ബാലസമാജം എന്നിവ പ്രവർത്തനക്ഷമമാക്കി. കൂദാശാനുഷ്ഠാനങ്ങൾ, മാത്രമല്ല, ഭവന സന്ദർശനം അദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനം തുടങ്ങിയവയും വൈദികരുടെ അജപാലന ദൗത്യത്തിൽപ്പെട്ടവയാണെന്ന ബോധ്യം കൈവരുത്തി.

തിരുമേനി, ഓരോ ഇടവകയും ക്രമമായി സന്ദർശനം നടത്തി ജനങ്ങളെ ബോധവൽക്കരിക്കയും, വൈദികരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു പോന്നു. വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് കാൽ നടയായും, കാളവണ്ടിയിൽ കയറിയും മറ്റുമൊക്കെ ആ ഗ്രാമങ്ങളിലെ പള്ളികൾ സന്ദർശിച്ചത് ഇന്നുള്ളവർക്ക് ആശ്ചര്യമായിരിക്കും. എന്റെ ഇടവകയായ കൊന്നപ്പാറ പള്ളി ഒരു കുന്നിന്റെ മുകളിലാണ്. അവിടെയെത്തിയത് ഏകദേശം നാലു കിലോമീറ്റർ നടന്നായിരുന്നു. പള്ളികളിൽ താമസ സൗകര്യങ്ങൾ ഒന്നുമില്ല. പള്ളിയിൽ തന്നെയാണ് കിടപ്പും. ടോയ്‌ലറ്റ് എന്നുള്ളത് തൽക്കാലം പരമ്പു കൊണ്ടു മറച്ച സംവിധാനം. ഇങ്ങനെ പരിമിതികൾ ഏറെ ഉണ്ടായിരുന്ന അക്കാലത്ത് വർഷത്തിൽ ഒരിക്കൽ സന്ദർശനം നടത്തുമായിരുന്നു. സന്ദർശന പരിപാടി മാസങ്ങൾക്കു മുമ്പേ ക്രമീകരിച്ച് പള്ളിക്കാരെ അറിയിക്കും. മാത്രമല്ല ചർച്ച് വീക്കിലി മുതലായ പ്രസിദ്ധീകരണങ്ങളിൽ യാത്രാ പരിപാടി നൽകുകയും ചെയ്തു പോന്നു.

അദ്ദേഹത്തിന്റെ കാലത്ത് അനവധി ദേവാലയങ്ങൾ രൂപം കൊള്ളുവാൻ ഇടയായി. പ്രശ്നങ്ങൾ ഉള്ള പള്ളികളിൽ നേരിട്ടു സന്ദർശനം നടത്തി, അദ്ദേഹം തന്നെ പൊതുയോഗത്തിൽ അദ്ധ്യക്ഷം വഹിച്ച് എല്ലാ കാര്യങ്ങളും ഉചിതമായി പരിഹരിക്കുമായിരുന്നു. കോട്ടയം സെമിനാരിയിൽ ചേരുന്നതിനുള്ള ശുപാർശ കത്ത് വാങ്ങിക്കുവാൻ എന്റെ പിതാവും പള്ളി ട്രസ്റ്റിയും ഞാനും കൂടി മാക്കാംക്കുന്നിൽ ചെന്നപ്പോൾ കുടശ്ശനാടു പള്ളിയിലെ പ്രശ്നം തീർക്കാൻ പോയിരിക്കയാണെന്നറിഞ്ഞു. ഞങ്ങൾ അവിടെ ചെന്നപ്പോൾ പൊതുയോഗം നടക്കുന്നതേയുള്ളൂ. കാത്തിരുന്ന്. അദ്ദേഹത്തിൽ നിന്ന് ശുപാർശ കത്ത് വാങ്ങിയത് ഓർക്കുന്നു. അന്ന് അദ്ദേഹത്തിന്റെ സെക്രട്ടറി ഉാക്കൂർ സ്വദേശി ജോർജ് ശെമ്മാശനാണ്.

ഇടവകകളിലെ പ്രവർത്തനങ്ങൾക്കു പുറമേയാണ് വിദ്യാഭ്യാസ രംഗത്തേക്ക് അദ്ദേഹം കടന്നെത്തിയത്. യാതൊരു ഫണ്ടും കൈമുതലായില്ലാതെ, ആത്മവിശ്വാസത്തോടെ വിദ്യാലയങ്ങൾ ഒന്നൊന്നായി സ്ഥാപിച്ച് നാടിനെ സാക്ഷരതയിൽ പ്രബുദ്ധമാക്കാൻ പ്രയത്നിച്ചു. പുത്തൻകാവ് സ്കൂളിന്റെ നിർമ്മിതി നടത്തുന്ന സമയത്താണ് ഞാൻ യു.സി. കോളേജിൽ ചേരാൻ ശുപാർശ കത്തിന് എത്തിയത്. അവിടെ ഒരു ബഞ്ചിലായിരുന്നു ശയനം. എനിക്കു കത്തു തന്നപ്പോൾ നൽകിയ ഉപദേശം മറക്കുന്നില്ല. 'Philosophy takes no bread so you take economics for your study' അങ്ങനെയാണ് ഞാൻ ഫിലോസഫി ഐഛികമായി എടുക്കാതെ ധനതത്വ ശാസ്ത്രം തിരഞ്ഞെടുത്തത്. സ്മരണയിൽ എത്തുന്ന കാര്യങ്ങൾ അനവധിയാണെങ്കിലും വിസ്താര ഭയത്താൽ ചുരുക്കുന്നു. മലങ്കര സഭയ്ക്കു ദൈവം നൽകിയ ഒരു വലിയ വരദാനമായിരുന്നു കൊച്ചുതിരുമേനി. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ കൃതജ്ഞാ നിർഭരമായ ഹൃദയത്തോടെ എന്റെ ശിരസ്സ് നമിക്കുന്നു.

## ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത റീത്ത് സഭയിൽ ചേർന്നപ്പോൾ വേദനയോടെ കൊച്ചുതിരുമേനി എഴുതിയ ഡയറി കുറിപ്പ്


Monday, 29th November 1937. 105

പത്തനംതിട്ട : തിരുവനന്തപുരത്ത് വെച്ച് സെവറിയോസ് ഇന്ന് റീത്തിൽ ചേർന്നു. ദ്രവ്യാഗ്രഹം. ഇനിയും എങ്ങനെ വിശ്വസിക്കും? ദ്രവ്യാഗ്രഹം മനുഷ്യനെ നിലംപതിപ്പിക്കുന്നതിന്റെ ഒരു ഉത്തമ ദൃഷ്ടാന്തം. ദൈവം ക്ഷമിയ്ക്കട്ടെ.


പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച കിഴവള്ളൂർ സെന്റ് ജോർജ്ജ് ഹൈസ്കൂൾ

# പുത്തൻകാവിൽ കൊച്ചുതിരുമേനിയും
# ബേയ്സിൽ ദയറായും



ഡോ. ഏബ്രാഹാം മാർ
സെറാഫിം മെത്രാപ്പോലീത്ത

വൈദിക ജീവിതത്തെ ഒരു പൂജാരിയുടെ കാർമ്മിക ജോലിയായി കണ്ടു തുടങ്ങിയിരിക്കുന്ന ഈ കാലത്താണ് പുത്തൻ കാവിൽ കൊച്ചു തിരുമേനിയെക്കുറിച്ച് ആദ്യമായി എന്തെങ്കിലും ഒന്നെഴുതുവാൻ എനിക്ക് അവസരം വന്നത്. നഷ്ടപ്പെടുത്തലിന്റെ ബലിജീവിതമാണ് പൗരോഹിത്വം എന്നു ചിന്തിച്ചിരുന്ന തിരുമേനിയുടെ കാലഘട്ടത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ചിന്തയാണ് വൈദികൻ ഒരു പൂജാരിയാണെന്നും കാർമ്മിക ജോലിയാണെന്നുമുള്ള ചിന്താഗതി. വിത്തിന്റെ മണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ മുളക്കുന്നില്ല എന്നു യേശു പറ ഞ്ഞത് പുരോഹിത വൃന്ദം മറക്കുവാൻ തുടങ്ങിയ ഈ നാളുകളിൽ സഭയ്ക്കുവേണ്ടി ചാകുവാനും ചിലത് മുളപ്പിക്കുവാനും ശ്രമിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ച് എഴുതുവാൻ കഴിഞ്ഞത് ഭാഗ്യമായി കാണുന്നു.

തിരുമേനിയുടെ കരങ്ങളാൽ സ്ഥാപിതമായ പത്തനംതിട്ട ബേസിൽ ദയറായിൽ താമസ്സിക്കുവാൻ കഴിയുന്നത് ഞാൻ ഭാഗ്യമായി കരുതുന്നു. ഇന്ന് ബേസിൽ ദയറായ്ക്ക് കെട്ടിടങ്ങളുടെ ബാഹുല്യമുണ്ടെങ്കിലും തിരുമേനി സ്ഥാപിച്ച ദയറാ കെട്ടിടം പലതും കൊണ്ട് വ്യത്യസ്തമാണ്. കർത്താവിന്റെയും പന്ത്രണ്ടു ശിഷ്യന്മാരുടെയും പ്രതീകമായ പതിമൂന്നു മുറികൾ. അതിൽ കിഴക്കെ വശത്തെ മുറിയിൽ മെത്രാപ്പോലീത്തായും മറ്റുമുറികളിൽ ശിഷ്യരും താമസിച്ചിരുന്നു. ഓരോ മുറിയിലും താമസ്സിക്കുന്നവർ പഴയ നിയമം, പുതിയ നിയമം, സഭാചരിത്രം തുടങ്ങിയമേഖലകളിൽ പ്രാവീണ്യം നേടിയവരാകണമെന്നും സഭാമക്കൾക്ക് ഇത്തരം വിഷയങ്ങളിൽ സംശയങ്ങൾ ഉണ്ടാകുമ്പോൾ നിവാരണത്തിനായി ഈ മുറികളിൽ ചെന്ന് അന്വേഷിച്ചാൽ മതിയെന്നുമൊക്കെയായിരുന്നു തിരുമേനിയുടെ ദർശനം. ഇന്ന് നമുക്ക് അഭിലാഷങ്ങളും കാഴ്ചകളും മാത്രമേയുള്ളു - ദർശനങ്ങൾ ഇല്ലാതായിരിക്കുന്നു. തിരുമേനി ദയറാ സ്ഥാപിച്ചപ്പോഴുള്ള സങ്കൽപ്പവും ദർശനവും ക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും കൂട്ടായ്മയുമായി ബന്ധമുള്ളതായിരുന്നു. കുടുംബങ്ങളിലും, ആശ്രമങ്ങളിലും മഠങ്ങളിലുമൊക്കെ സ്വകാര്യവൽക്കരണം സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ ബേസിൽ ദയറാ നൽകുന്ന സന്ദേശം ശ്രദ്ധേയമാണ്.

ദയറായുടെ മറ്റൊരു പ്രത്യേകത - ഒരു മുറിയിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ മറ്റു മുറിയിലുള്ളവരെയും അതിൽ നിന്നും പുറത്തേക്കിറങ്ങുന്നവരെയും നേരേ കാണുവാൻ സാധിക്കും എന്നതാണ്. ദയറായുടെ നാലുകെട്ട് അതിൽ പാർക്കുന്നവരുടെ സമ്മേളനസ്ഥലമായിരുന്നു. കാര്യങ്ങളും തമാശകളുമൊക്ക നാലുകെട്ടിനെ സജീവമാക്കുമായിരുന്നു. ഇത്തരം സംഗമങ്ങളിലൂടെ നടന്ന ചർച്ചകളും മറ്റും നൽകുന്ന ഊർജ്ജം സഭാവികസനത്തിനു മുഖാന്തിരമായിട്ടുണ്ട്. വാതിലുകൾ തുറന്നിടുവാനാണ് എന്ന തത്വത്തിൽ നിന്നും അടച്ചിട്ട വാതിലുകളും അതിനുള്ളിലെ സ്വകാര്യ ജീവിതങ്ങളുമാണ് ശരിയെന്ന് ധരിക്കുന്ന നമുക്ക് ഈ സങ്കൽപ്പത്തോട് യോജിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. നാമിപ്പോൾ നിലകളിൽ താമസിക്കുന്നതിനാൽ താഴത്തെ നിലയിലുള്ളവരുമായി സംഭാഷിക്കുവാൻ സാധിക്കാതെ വരുന്നു.

ദയറായ്ക്ക് ബേസിൽ എന്ന് പേരിട്ടത് സഭാപിതാവിന്റെ പേരുമായി ബന്ധിപ്പിച്ചാണെങ്കിലും അതിന്റെ പിന്നിലും തിരുമേനിക്ക് വ്യക്തമായ ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. പരിശുദ്ധന്മാരായ പക്കോമിയോസിന്റെയും അന്തോനിയോസിന്റെയും ഒക്കെ സന്യാസപ്രസ്ഥാന

സങ്കൽപ്പങ്ങളിൽ നിന്നും വ്യത്യസ്തമായ ഒന്നായിരുന്നു പരിശുദ്ധ ബസേലിയോസിന്റെ ദയറാ പ്രസ്ഥാന സങ്കല്പം, കുറേക്കൂടി ക്രിസ്തുവിന്റെ ജീവിത ശൈലി ബസേലിയോസിന്റെ ദയറാ സങ്കൽപത്തിൽ കാണുവാൻ കഴിയും. അത് ദൈവസംസർഗ്ഗത്തിന്റെയും മനുഷ്യ ബന്ധത്തിന്റെയും സമഞ്ജസമായ സമ്മേളനമാണ്. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി വേറിട്ടു പോയിരുന്ന യേശു അത് കഴിഞ്ഞ് മനുഷ്യരുടെ ഇടയിലേക്ക്, പ്രത്യേകാൽ പാർശ്വവൽക്കരിക്കപ്പെടുന്നവന്റെ പക്ഷത്തേക്കും എപ്പോഴും വന്നു കൊണ്ടിരുന്നു. പരിശുദ്ധ. ബസേലിയോസ് ദയറാ പ്രസ്ഥാനം ആരംഭിച്ചപ്പോഴും ഈ ശൈലിയാണ് അനുവർത്തിച്ചുവന്നത്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെയും ദയറാ സങ്കല്പത്തിൽ ഈ ശൈലിയുണ്ടായിരുന്നു. ബേസിൽ ദയറാവാസികൾ ആരാധനയിലും പ്രാർത്ഥനയിലും ജീവിക്കുന്നവരും പാവപ്പെട്ടവന്റെ പക്ഷം പിടിച്ച് അവനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നവരുമാകണമെന്നുള്ള ആഗ്രഹം തിരുമേനിക്കുണ്ടായിരുന്നു. എന്നാൽ അത് പൂർണ്ണമായി ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ഈ ലോകവാസം അവസാനിച്ചു. ദയറായിലെ വർത്തമാന കാലനിവാസികൾക്ക് ഈ കാര്യം ഏറ്റെടുക്കുവാൻ കഴിയണം എന്നാണ് എന്റെ വിചാരം.

തിരുമേനിയുടെ ആരാധനയെക്കുറിച്ചും പ്രസംഗത്തെക്കുറിച്ചുമൊക്കെ എഴുതുവാൻ ധാരാളമുണ്ടെങ്കിലും ബേസിൽ ദയറായുമായി ബന്ധപ്പെട്ട ചിന്തകൾ മാത്രം പങ്കുവയ്ക്കുവാനാണ് ശ്രമിച്ചത് . ഇപ്പോൾ ഈ ദയറായിൽ പുതുതായി ചെറുപ്പക്കാർ ചേർന്നു താമസ്സിക്കുവാൻ ആഗ്രഹിക്കുന്നത് ഒരു പുതുപ്രതീക്ഷ നൽകുന്നു. സ്ഥാപകന്റെ ഉദ്ദേശ്യലക്ഷ്യത്തിലേക്ക് അവരെ പാകപ്പെടുത്തിയെടുക്കുവാനാണ് ഇനിയും ശ്രമിക്കേണ്ടത്. അങ്ങനെ ചെയ്താൽ ദയറായുടെ വികാസത്തോടൊപ്പം സഭയുടെ വളർച്ചയും സാദ്ധ്യമാകും.

> *ദയറായുടെ മറ്റൊരു പ്രത്യേകത - ഒരു മുറിയിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ മറ്റു മുറിയിലുള്ളവരെയും അതിൽ നിന്നും പുറത്തേക്കിറങ്ങുന്നവരെയും നേരേ നേരേ കാണുവാൻ സാധിക്കും എന്നതാണ്.*



പത്തനംതിട്ട ബേസിൽ ദയറായുടെ മുന്നിൽ ദയറാംഗം ഫാ.കെ.എം.തോമസ്



# മലങ്കരസഭ കണ്ട മഹാനായ വാഗ്മി

**(പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്ത വാർത്ത അറിഞ്ഞ ഉടനെ 1951 ഏപ്രിൽ 17-ന് മലയാളമനോരമ ഒരു അവശേഷം (Supplement) അച്ചടിച്ച് കോട്ടയം ടൗണിൽ വിതരണം നടത്തി. പുത്തൻ കാവിൽ കൊച്ചുതിരുമേനിയുടെ പ്രഭാഷണ പാടവം ആദരവോടു കൂടി മലയാള മനോരമ എഴുതിരിക്കുന്നു.)**

തിരുമനസ്സിലെ 20 വർഷത്തെ സഭാഭരണത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് തിരുമേനി ഒരു കെടാവിളക്കായി ശോഭിച്ചിരുന്നു. സുവിശേഷ ഘോഷണ നേതൃത്വം പ്രഥമമായി ഏറ്റെടുത്തുകൊണ്ട് തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്തിട്ടുള്ള ബഹുസഹസ്രം പ്രഭാഷണങ്ങൾ ക്രൈസ്തവസഭയ്ക്ക് എന്നെന്നും അഭിമാനകരമായ ഒരമൂല്യനിധിയായി വിലമതിക്കപ്പെടുമെന്നുള്ളതിന് സംശയമില്ല. വേദപുസ്തകഭാഗങ്ങളേയും അവയിൽ അന്തർഭവിച്ചിരിക്കുന്ന അനർഘ തത്വങ്ങളേയും അടിസ്ഥാനപ്പെടുത്തി സമാന്യ ജനങ്ങൾക്ക് മനസ്സിലാകത്തക്കവണ്ണം ലളിതസുന്ദരമായ വിശദീകരണങ്ങളും പ്രഭാഷണങ്ങളും നൽകി കൊണ്ടിരുന്ന ഒരു പണ്ഡിതശ്രേഷ്ഠൻ ആധുനിക സുറിയാനി സഭയിൽ വേറെ അധികം ഉണ്ടായിട്ടില്ല. സുവിശേഷദൗത്യവും വേദപുസ്തക സാരാംശങ്ങളുടെ ലളിത സുന്ദരമായ വ്യാഖ്യാനവും സമൂഹത്തിന് പങ്കുവെക്കുവാൻ സ്വീകരിച്ച ഉത്തമ മാധ്യമമായിരുന്നു പ്രസംഗം. വൈവിധ്യമാർന്ന ആധുനിക കമ്മ്യൂണിക്കേഷൻ സമ്പ്രദായങ്ങൾ അക്കാലത്ത് അസുലഭമായിരുന്നിട്ടും വലിയ പ്രവാചകനായി സുവിശേഷ പ്രചാരകനായി അജപാലന ദൗത്യം നിർവഹിക്കുവാൻ കഴിഞ്ഞു.

കാറും കോളും നിറഞ്ഞ കലുഷിതമായ സഭാന്തരീക്ഷത്തിൽ പരിശുദ്ധാത്മ നിറവിൽ സുവിശേഷ പ്രസംഗത്തിന്റെ പ്രവാഹത്താൽ അജഗണങ്ങൾക്ക് വാഗ്ദത്ത ഭൂമി കാട്ടികൊടുത്ത വലിയ പ്രവാചകനായി പുത്തൻകാവ് തിരുമേനി പ്രശോഭിച്ചു. മധുരവും ഗാംഭീര്യവുമായ വാഗ്ശരങ്ങളുടെ പ്രഷാളനം റീത്ത് സഭയിലേക്ക് ആടിനിന്ന സുറിയാനി ക്രിസ്ത്യാനികളുടെ ചങ്കിൽ തറച്ചപ്പോൾ പലരും തീരുമാനങ്ങൾ പുനഃ പരിശോധിച്ച് മാതൃസഭയിൽ തന്നെ ഉറച്ചു നിൽക്കുവാൻ നിർബന്ധിതരായി. ഉണർവിന്റെയും സഭാസ്നേഹത്തിന്റെയും കാറ്റ് സഭയാകമാനം ഉണ്ടായപ്പോൾ തെക്കുമുതൽ വടക്കുവരെ ആത്മീയ ഉണർവ്വിന്റെയും സഭാസ്നേഹത്തിന്റെയും കൊടുങ്കാറ്റ് സൃഷ്ടിക്കുവാൻ ആ വാഗ്വിലാസിക്കു കഴിഞ്ഞു. പുത്തൻ കാവിൽ കൊച്ചു തിരുമേനി എന്ന ബഹുമുഖ പ്രതിഭയെ സഭയ്ക്ക് കണ്ടെത്തുവാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ മധ്യതിരുവിതാംകൂർ എന്നല്ല പുത്തൻകാവു പോലും റീത്ത് പ്രസ്ഥാനത്തിന്റെ സിരാ കേന്ദ്രമായി പരിണമിക്കുമായിരുന്നു. ഇവിടെയാണ് വട്ടശ്ശേരിൽ തിരുമേനിയുടെ തീരുമാനം ഒരു ദർശനമാകുന്നത്.

# കർമ്മനിരതനായ മഹാചാര്യൻ



ഡോ.പി.വി.കോശി
(പാപ്പച്ചൻ)
പൂപ്പള്ളിൽ, ആറാട്ടുപുഴ

പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയെപ്പറ്റി ഓർക്കുമ്പോഴെല്ലാം കഠിനാദ്ധ്വാനത്തോടുകൂടിയ അദ്ദേഹത്തിന്റെ വിശ്രമരഹിതമായ ജീവിതമാണ് മനസ്സിൽ വരുന്നത്. സഭയോടും സഭാമക്കളോടുമുള്ള അതീവസ്നേഹം നിമിത്തമാണ് സാമ്പത്തിക പ്രയാസങ്ങളുടെ നടുവിലും പലതര അദ്ധ്യാത്മിക പ്രസ്ഥാനങ്ങളും അദ്ദേഹം തുടങ്ങി വച്ചതും പൂർത്തികരിച്ചതും. ആരോഗ്യത്തെപ്പോലും ഗണ്യമാക്കാതെ മുന്നോട്ടു പോയതു മൂലമാണ് കൈയുടെ മേജർ ഓപ്പറേഷനും ശാരീരിക ക്ലേശങ്ങൾക്കും വിധേയനാകേണ്ടി വന്നത്.

ബഥനിയുടെ മാർ ഈവാനിയോസ് റീത്തിലേക്കു പോയപ്പോൾ പകരം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഇദ്ദേഹത്തെയാണ് തിരഞ്ഞെടുത്തതും സെറാംപൂരിൽ അയച്ച് എം. എ., ബി.ഡി. പഠിപ്പിച്ചതും മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് ഉയർത്തിയതും. തന്മൂലം തിരുമേനിക്ക് വട്ടശ്ശേരിൽ തിരുമേനിയോട് പിതൃതുല്യമായ സ്നേഹാദരവുകളും അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയെപ്പറ്റി വലിയ മതിപ്പും ഉണ്ടായിരുന്നു. വിദ്യാസമ്പന്നരായ നല്ല വൈദികർ സഭയ്ക്കുണ്ടാകണമെന്ന ആഗ്രഹത്തോടു കൂടിയാണ് പത്തനംതിട്ടയിൽ ബേസിൽ ദയറാ സ്ഥാപിച്ചത്. അതിലെ പല അംഗങ്ങൾ ഇപ്പോൾ സഭയുടെ ഉന്നത തലങ്ങളിൽ ശോഭിക്കുന്നു.

ആഴമായ ഇംഗ്ലീഷ് ഭാഷാ പാണ്ഡിത്യത്തിന്റെ ഫലമായി കൊച്ചു തിരുമേനിക്കു സെറാംപൂരിൽ വച്ച് ഡബിൾ പ്രമോഷൻ വരെ കിട്ടി. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ മേന്മ മനസ്സിലാക്കി അദ്ദേഹത്തിന്റെ നിർബന്ധ പ്രകാരമാണ് ഞാൻ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബി.എസ്.സി യ്ക്കു പഠിച്ചു പാസായത്. തിരികെ വന്നപ്പോൾ എന്നോട് പുത്തൻകാവ് മെട്രോപ്പോലീത്തൻ സ്കൂളിൽ മൂന്നു മാസം പഠിപ്പിക്കണമെന്നു പറഞ്ഞു. എനിക്ക് അദ്ധ്യാപകപരിശീലനം ഇല്ലല്ലോ എന്നു പറഞ്ഞപ്പോൾ അതു സാരമില്ല ഞാൻ രണ്ട് ഇംഗ്ലീഷ് ടെസ്റ്റ് ബുക്കു തരാം അതുവായിച്ചിട്ട് പോയി പഠിപ്പിച്ചോ എന്നു നിർദ്ദേശിച്ചു. സാമ്പത്തിക ഞെരുക്കം മൂലമാവാം രജിസ്റ്ററിൽ ഒപ്പിട്ടു പണം വാങ്ങാൻ നിൽക്കരുതെന്നും പറഞ്ഞു. ഞാൻ ചെന്നപ്പോൾ ഹെഡ്മാസ്റ്റർ ആയിരുന്ന എം. വി. ഏബ്രഹാം ഒരു വടി കൂടി തന്നു. പക്ഷേ അത് അധികം ഉപയോഗിക്കേണ്ടി വന്നില്ല. അങ്ങനെ മൂന്നു മാസം അവിടെ ഇംഗ്ലീഷ് പഠിപ്പിച്ചു. (അതിനുശേഷം യാദൃഛികമായി സ്കൂളിൽ വന്ന പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ ഒരു യാത്രയയപ്പ് കിട്ടി. ആ ഹൈസ്കൂളിലെ ആദ്യത്തെ യാത്രയയപ്പ് ആയിരുന്നു അത്) തിരുമേനിയാണ് എന്നെ ഡോക്ടർ ആക്കിയത് തിരുമേനി പ്രാർത്ഥിച്ച് ഒരു പരിചയവുമില്ലാത്ത പ്രിൻസിപ്പലിന് Dear